കല്ലായിയിലെ മരക്കടവിൽ നിന്ന് മലയാളസിനിമയുടെ ചിരിമുഖത്തേക്ക്

എം. എച്ച്. വിഷ്ണു

കോഴിക്കോട്: 'ഒന്നൊന്ന രക്കൊല്ലം ഞമ്മള് കന്യാകുമാരീലാരുന്ന്. പിന്നെ ഒരരക്കൊല്ലം കാശ്മീരിലും. എന്നിട്ടാണീ ചിന്താവിഷയത്തിലെ തുണിക്കച്ചവടക്കാരന്റെ വേഷം ചെയ്തതേ... ഇങ്ങക്ക് വേറെ പണിയൊന്നും ഇല്ലേ..' മികച്ച ഹാസ്യനടനുള്ള പുരസ്കാരം ലഭിച്ച ഷാജഹാനെന്ന കഥാപാത്രമാവാൻ തയ്യാറെടുപ്പുകളുണ്ടായിരുന്നോ എന്ന ഒരു ചാനൽപ്രവർത്തകന്റെ ചോദ്യത്തോട് 'ഗഫൂർക്ക'യുടെ പ്രതികരണം ഇങ്ങനെയായിരുന്നു. അതാണ് മാമുക്കോയ. വെള്ളിത്തിരയിൽ മാത്രമല്ല ജീവിതത്തിലും മാമുക്കോയയുടെ സമീപനങ്ങൾ ഇങ്ങനെയാണ്.

നാൽപ്പതുകൊല്ലം മുൻപ് പകൽ കല്ലായിയിലെ കൂപ്പിൽ മരം അളവുകാരന്റെയും രാത്രിയിൽ മുഖത്ത് ചായമിട്ട് നാടകക്കാരന്റെയും വേഷം ഒരുമിച്ചണിഞ്ഞ ദുരിതപർവ്വം താണ്ടിയാണ് മാമു പുരസ്കാരലബ്ധിയിലെത്തിയത്. ബേപ്പൂരിലെ 'അൽജുമാസ്' വീട്ടിലെ പൂമുഖത്തിന്റെ കൈവരിയിലിരുന്ന് മാമുക്കോയ ആ പഴയ കാലത്തേക്ക് ഇടയ്ക്കിടെ തിരിച്ചു പോകും. 'ഞമ്മള് അഭിനയം പഠിച്ചിട്ടേയില്ല. അഭിനയിക്കാൻ അറിയുക്കേമില്ല. കിട്ടുന്ന കഥാപാത്രമായി പെരുമാറാൻ അറിയാം അത്രേള്ളൂ.'

കോഴിക്കോട്ടുകാരുടെ 'എടങ്ങേറാക്കുന്ന' ഭാഷാശൈലിയുമായാണ് മാമു സിനിമയിലേക്ക് ചെന്നുകയറിയത്. നിലമ്പൂർ ബാലന്റെ 'അന്യരുടെ ഭൂമി'യിലൂടെ 1979ലായിരുന്നു ഭാഗ്യത്തിന്റെ ഒറ്റപ്പല്ല് ഉയർന്നു നിൽക്കുന്ന ആ മുഖം വെള്ളിത്തിരയിൽ ആദ്യമായി തെളിഞ്ഞത്. ആ പടത്തെക്കുറിച്ച് മാമുക്കോയ പറയുന്നതിങ്ങനെ 'അതൊരു ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമയായിരുന്നു. ആളുകൾ കൂടുതൽ കണ്ടിട്ടൊന്നുമില്ല. അവിടെയിവിടെയൊക്കെ കളിച്ചങ്ങ് പോയി. അവാർഡ് പടമായതു കൊണ്ട് എന്നെ ആരും കണ്ടില്ല. അന്നും നമ്മടെ പണി കല്ലായിലെ മരക്കടവിൽ തന്നെ.'

കല്ലായിയുടെ പ്രതാപത്തിന് ഇളക്കം തട്ടി വലഞ്ഞുനിന്ന കാലത്താണ് 'ദൂരെ..ദൂരെ ഒരു കൂടുകൂട്ടാം' എന്ന സൂപ്പർഹിറ്റിലെ അറബിമുൻഷിയുടെ വേഷവുമായി അരോമമണി കോഴിക്കോട്ടെത്തിയത്. മാമുവിന്റെ ജീവിതത്തിൽ അതൊരു വഴിത്തിരിവായി. സിബിമലയിൽ, ശ്രീനിവാസൻ, മോഹൻലാൽ കൂട്ടുകെട്ടിന്റെ തുടക്കം കുടിയായിരുന്നു അത്. പിന്നെ മാമുവിന് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. മുപ്പത് വർഷത്തിലേറെയായി.450ലേറെ സിനിമകൾ. അറുപത്തിയഞ്ചാം പിറന്നാളിന് ഒരു മാസം ഇപ്പുറത്താണ് സർക്കാരിന്റെ ആദ്യ പുരസ്കാരം മാമുവിനെ തേടിയെത്തിയത്.

'എന്റെ വേഷം കണ്ട് ഇന്നുവരെ സ്വയം ആസ്വദിച്ചിട്ടില്ല. തിയറ്ററിൽ കയ്യടിയും ചിരിയുമൊക്കെ കാണുമ്പോ ദേഷ്യം വരും. എനിക്കെന്തോ കുഴപ്പമുണ്ടെന്നാ എനിക്ക് തോന്നുന്നത്.' പുരസ്കാരനിറവിലും മാമു ചിരിയുടെ കെട്ടഴിക്കുന്നു. ഹരിഹരന്റെ 'പഴശിരാജ'യിലാണ് ഇപ്പോൾ അഭിനയിക്കുന്നത്. കന്നഡ, മലയാളം ഭാഷകൾ ചേർന്ന സങ്കര ബ്യാരി ഭാഷയിലെ ചിത്രമാണ് മാമുക്കോയയുടേതായി അടുത്ത് പുറത്തിറങ്ങുക.

കല്ലായി കടവത്തുനിന്ന് മലയാളസിനിമയുടെ ചിരിമുഖത്തേക്ക് കൈപിടിച്ചു കൊണ്ടുവന്ന ബേപ്പൂർ സുൽത്താന്റെ നാട്ടിൽ തന്നെയാണ് മാമുവിന്റെയും വാസം. 'വൈഡൂര്യം' എന്നർത്ഥമുള്ള അൽജുമാസ് വീട്ടിൽ.

ശുപാർശ ബേപ്പൂർ സുൽത്താന്റേത്

സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീറിന്റെ ശുപാർശ കൊണ്ടാണ് മാമുക്കോയക്ക് സിനിമയിൽ നല്ലൊരു വേഷം ലഭിക്കുന്നത്. പഴയകാല കലാസംവിധായകൻ എസ്. കൊന്നനാട്ട് 'സുറുമയിട്ട കണ്ണുകൾ' എന്ന നോവൽ സിനിമയാക്കാനായി അനുഗ്രഹം തേടി ബഷീറിന്റെ വീട്ടിലെത്തി. കൊന്നനാട്ടിന്റെ അസിസ്റ്റന്റുമാരായിരുന്നു ഹരിഹരനും ഐ.വി.ശശിയുമൊക്കെ. സൊറയും പറഞ്ഞ് ചായയും കുടിച്ച് മാങ്കോസ്റ്റിൻ മരച്ചോട്ടിൽ നിന്ന മാമുവിനെ ചൂണ്ടി ബഷീറാണ് ഇത് കോഴിക്കോടിന്റെ കഥയാണെന്നും മാമുവിനും വേഷം കൊടുക്കണമെന്നും ആവശ്യപ്പെട്ടത്. കെ.പി.ഉമ്മറിന്റെ അറബികഥാപാത്രം സഞ്ചരിക്കുന്ന വണ്ടിയിലെ കുതിരക്ക് പുല്ലിട്ടുകൊടുക്കുന്നയാളുടെ വേഷമായിരുന്നു മാമുവിന്. മാമുക്കോയയുടെ കോലവും മറ്റും കണ്ട് സഹതാപം തോന്നിയ ബഹദൂറും നെല്ലിക്കോട് ഭാസ്കരനും ഹോട്ടലിൽ അവർക്കൊപ്പം ചായകുടിച്ചിരിക്കുന്ന ഒരു സീൻ കൂടി മാമുവിന് നൽകി. ഈ സിനിമയിലായിരുന്നു വിജയരാഘവൻ ആദ്യമായി നായകനായത്.

കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകളിൽ ചിലത്

തെങ്ങിന്റെ പ്രതിരോധശേഷി കാത്ത് കൂമ്പുചീയൽ തടയാം

കണ്ണൂർ: തെങ്ങിന്റെ പ്രതിരോധശേഷി നിലനിറുത്തി കൂമ്പുചീയൽ രോഗത്തെ (ഫൈറ്റോസോറ പാൽമിയോറ) ചെറുക്കാം. കൂമ്പുചീയൽ രൂക്ഷമായതോടെ കണ്ണൂർ ജില്ലയിൽ നാലു പഞ്ചായത്തുകളിലായി മുപ്പതിനായിരത്തോളം തെങ്ങുകൾ ഇപ്പോൾ വെട്ടിമാറ്റുകയാണ്.

ഉയർന്നപ്രദേശങ്ങളിലെ ആരോഗ്യം കുറഞ്ഞ തെങ്ങുകളിലാണ് കൂമ്പുചീയൽ രോഗം ഏറെ ബാധിക്കുന്നതെന്ന് കൃഷിവകുപ്പ് അധികൃതർ പറയുന്നു. സംസ്ഥാനത്ത് കൂമ്പുചീയൽ രോഗത്തെ തുടർന്ന് നിരവധി തെങ്ങുകൾ മുറിച്ചുമാറ്റിയതും മലയോരങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലാണ്.

മലയോരത്തെ തെങ്ങുകൾ വലരെ പെട്ടെന്നു തന്നെ പുഷ്ടിപ്പെട്ട് നല്ല വിളവു നൽകും. എന്നാൽ ഇത് ഏറെക്കാലം നിൽക്കുകയില്ല. തെങ്ങുകൾ നല്ല തലയെടുപ്പോടെ നിൽക്കുമെങ്കിലും ആരോഗ്യവും പ്രതിരോധശേഷിയും കുറഞ്ഞുവരും. ഇതോടെ കൂമ്പുചീയൽ പോലുള്ള രോഗങ്ങൾ എളുപ്പം പിടിപെടുകയും ചെയ്യും. ഒരുതരം ഫംഗസുകളാണ് തെങ്ങുകളുടെ കൂമ്പുചീയലിന് കാരണമാകുന്നതെന്ന് കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഹീര നെട്ടൂർ പറഞ്ഞു. തെങ്ങുകൾക്ക് പുറമെ കവുങ്ങ്, കൊക്കോ തുടങ്ങിയവയ്ക്കും ഈ രോഗം വരാറുണ്ട്. വെള്ളത്തിലൂടെയും വായുവിലൂടെയുമാണ് രോഗം പകരുക.

തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗം വന്ന് ആദ്യത്തെ കൂമ്പ് മറിഞ്ഞുവീഴുമ്പോഴാണ് പലപ്പോഴും രോഗവിവരം അറിയുക. തേങ്ങ പറിക്കുമ്പോൾ തെങ്ങിന്റെ മണ്ട വൃത്തിയാക്കാത്തതും മറ്റുമാണ് രോഗം കണ്ടുപിടിക്കാൻ വൈകുന്നതിന് കാരണമാകുന്നത്. ഒരു പരിധിവരെ ഫംഗസിന്റെ ആക്രമണത്തിനും ഈ 'ശുചിത്വമില്ലായ്മ' കാരണമാകുന്നുണ്ട്.

കൂമ്പുചീയൽ ആരംഭദശയിൽ കണ്ടുപിടിച്ചാൽ ചികിത്സിച്ചു മാറ്റാനാകും. ബോർഡോ കുഴമ്പാണ് ഇതിനു പറ്റിയ ചികിത്സ. കോപ്പർ സൾഫേറ്റും നീറ്റുകക്കയും ചേർത്തുണ്ടാക്കുന്നതാണിത്. കുറച്ചുകൂടി രോഗം വ്യക്തമായതിനു ശേഷമാണെങ്കിൽ ഇപ്പോൾ നടത്തിവരുന്ന സാഷേ സമ്പ്രദായം നല്ലതാണ്. മൂന്നുഗ്രാം മാംഗോസെബ് ചെറിയ സുഷിരങ്ങളുള്ള പ്ളാസ്റ്റിക് സഞ്ചിയിൽ നിറച്ച് മഴ പെയ്യുമ്പോൾ തെങ്ങിന്റെ കൂമ്പിൽ അരിച്ചിറങ്ങുന്ന തരത്തിൽ മടലിൽ കെട്ടിത്തൂക്കിയാണ് ഈ ചികിത്സ നടത്തുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, തൊട്ടിൽപ്പാലം മേഖലയിൽ ഈ രീതി ഏറെ ഫലപ്രദമായിരുന്നെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു.

കണ്ണൂർ ജില്ലയിൽ ഉദയഗിരി, ആലക്കോട്, ചെറുപുഴ, നടുവിൽ പഞ്ചായത്തുകളിലാണ് ഇപ്പോൾ കൂമ്പുചീയൽ രൂക്ഷമായിട്ടുള്ളത്. മറ്റു പലയിടങ്ങളിലും ചെറിയതോതിൽ ഉണ്ട്. രോഗം മൂർച്ഛിച്ചുകഴിഞ്ഞാൽ തെങ്ങുകൾ വെട്ടിമാറ്റുകയേ നിർവാഹമുള്ളൂ. ഇത്തരത്തിൽ മുപ്പതിനായിരം തെങ്ങുകളാണ് ഈ നാലു പഞ്ചായത്തുകളിലായി വെട്ടിമാറ്റുന്നത്. തെങ്ങൊന്നിന് അഞ്ഞൂറു രൂപ വച്ച് കർഷകർക്ക് നൽകുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ 2.6 കോടി രൂപയുടെ പദ്ധതിയാണിത്. ജില്ലാ പഞ്ചായത്ത് ഇതിലേയ്ക്ക് 15 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. കേന്ദ്ര പദ്ധതിയിൽ 1.6 കോടി രൂപ ഇപ്പോൾ അനുവദിച്ചുകഴിഞ്ഞു. ഇതിൽ 73 ലക്ഷം രൂപ ലഭിച്ചുകഴിഞ്ഞതായും കൃഷി ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. പൊതുവെ നല്ല മണ്ണിലും നല്ല സൂര്യപ്രകാശം ലഭിക്കുന്ന താഴ്ന്ന പ്രദേശത്തും വളരുന്ന തെങ്ങുകൾക്കാണ് ഈ രോഗത്തെ ചെറുത്തുനിൽക്കാനുള്ള കഴിവ് കാണുന്നത്.

നാലു വർഷം മുമ്പ് തെങ്ങോലപ്പുഴു ബാധിച്ച് നിരവധി തെങ്ങുകൾ ജില്ലയിൽ നശിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അതിലും വലിയ ദുരന്തമായി കൂമ്പുചീയലിൽ കർഷകർക്ക് ദുരിതം വിതയ്ക്കുന്നത്. തെങ്ങോലപ്പുഴു ബാധ ഒരു കീടത്തിന്റെ ആക്രമണമായിരുന്നതിനാൽ നിയന്ത്രിക്കാൻ ഏറെക്കുറെ സാധ്യമായിരുന്നു. തെങ്ങിന്റെ കൂമ്പുകൾ മറിഞ്ഞുവീണ ശേഷം മാത്രമെ കൂമ്പുചീയൽ രോഗം പലരുടെയും ശ്രദ്ധയിൽപെടുന്നുള്ളൂ. രോഗത്തിന്റെ വ്യാപനത്തിനു കാരണവും ഇതുതന്നെയാണ്.

തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ കെ. വിജയരാഘവൻ പുരസ്കാരത്തിന് അർഹനായ എൻ.എൻ. സത്യവ്രതനു വേണ്ടി എ. പി വിശ്വനാഥനിൽ നിന്ന് മരുമകൻ പ്രമോദ് അവാർഡ് ഏറ്റുവാങ്ങുന്നു. സക്കറിയ, ടി. ജെ ചന്ദ്രചൂഡൻ, കെ. ജി പരമേശ്വരൻ നായർ എന്നിവർ സമീപം

ഫ്രഞ്ച് വിമാന ദുരന്തം

ആഴക്കടലിൽ വിമാനാവശിഷ്ടം തേടി മുങ്ങിക്കപ്പലുകൾ എത്തി

ഫെർണാണ്ടോ ഡി നെറോന : ബ്രസീലിയൻ ആഴക്കടലിൽ തകർന്നുവീണ ഫ്രഞ്ച് യാത്രാവിമാനത്തിന്റെ അവശിഷ്ടങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമം ഊർജ്ജിതമാക്കി.

കരയിൽനിന്ന് 400 കിലോമീറ്റർ മാറി അറ്റ്ലാന്റിക് സമുദ്രത്തിൽ അവശിഷ്ടങ്ങൾ ഉള്ളതായി കഴിഞ്ഞദിവസം ബ്രസീലിയൻ യുദ്ധവിമാനം ഇലക്ട്രോണിക് സെൻസർ വഴി കണ്ടെത്തിയിരുന്നു. രണ്ടു ചെറിയ അന്തർവാഹിനികളും ഫ്രാൻസിലും നെതർലൻഡിൽ നിന്നുമെത്തിയ ചരക്കുകപ്പലുകളും തിരച്ചിൽ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. അവശിഷ്ടങ്ങളും മൃതശരീരങ്ങളും കൂടുതൽ വ്യക്തമായി തിരിച്ചറിയാൻ സൂക്ഷ്മനിരീക്ഷണ സംവിധാനമുള്ള പോർവിമാനങ്ങൾ മേഖലയിൽ റോന്തു ചുറ്റുന്നുണ്ട്.

അഞ്ചു കിലോമീറ്റർ ചുറ്റളവിൽ അവശിഷ്ടങ്ങൾ ചിതറി കിടക്കുന്നുവെന്നാണ് സൂചന. വിമാനാവശിഷ്ടങ്ങളും കേബിളുകളും മാത്രമല്ല, ഇന്ധനം കലർന്നുണ്ടായ എണ്ണപ്പാടയും തിരിച്ചറിഞ്ഞിട്ടുണ്ട്. ബ്രസിലിലെ റിയോഡി ജനീറോയിൽ നിന്ന് പാരീസിലേക്ക് പുറപ്പെട്ട എയർഫ്രാൻസ് വിമാനത്തിൽ ജീവനക്കാരടക്കം 228 പേർ ഉണ്ടായിരുന്നു. പുറപ്പെട്ട് പതിനൊന്നു മണിക്കൂർ കൊണ്ട് പാരിസിലെത്തേണ്ട വിമാനം നാലുമണിക്കൂർ യാത്ര കഴിഞ്ഞപ്പോഴാണ് അപ്രത്യക്ഷമായത്.

കനത്ത കാറ്റും ഇടിമിന്നലും ഉണ്ടായതായി സൂചന ലഭിച്ചിരുന്നു. എന്നാൽ, വിമാനത്തിന് എങ്ങനെ തകരാർ നേരിട്ടു എന്നത് അജ്ഞാതമാണ്. ബ്ളാക് ബോക്സ് കണ്ടെത്തിയാൽ കാര്യമറിയാമെന്ന പ്രതീക്ഷയിലാണ് ബന്ധപ്പെട്ടവർ.

ഭീകരന്റെ മോചനം: ഇന്ത്യ സ്ഥിതിഗതികൾ വിലയിരുത്തുന്നു

ന്യൂഡൽഹി : കൊടുംഭീകരനും പാകിസ്ഥാനിലെ നിരോധിക്കപ്പെട്ട സംഘടനയായ ജമാത്തുദ് ദാവയുടെ തലവനുമായ ഹഫിസ് മുഹമ്മദിനെയും കൂട്ടാളികളെയും മുംബയ് ഭീകരാക്രമണ കേസുമായി ബന്ധപ്പെടുത്തി ശിക്ഷിക്കാൻ പാകിസ്ഥാൻ ഒരുക്കമല്ലെന്ന് ബോധ്യമായ സാഹചര്യത്തിൽ ഉന്നതതലത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി.

പാക് ഭീകര നേതാവിന്റെ മോചനത്തിന്റെ പശ്ചാത്തലത്തിൽ വിദേശകാര്യ മന്ത്രി എസ്.എം. കൃഷ്ണ പ്രധാനമന്ത്രിയെ സന്ദർശിച്ച് സ്ഥിതിഗതികൾ ധരിപ്പിച്ചു. വിദേശകാര്യ സെക്രട്ടറി ശിവ്ശങ്കർ മേനോനും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം. കെ. നാരായണനും സന്നിഹിതരായിരുന്നു.

അതേസമയം ഇന്ത്യയിലെ പാക് ഹൈക്കമ്മിഷണർ ഷാഹിദ് മാലിക് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരെ സന്ദർശിച്ച് കോടതി വിധിയുടെ പശ്ചാത്തലത്തിൽ പാകിസ്ഥാന്റെ നിലപാടും അവിടെത്തെ സ്ഥിതിഗതിയും ധരിപ്പിച്ചു.

ഐക്യരാഷ്ട്ര സഭയും ഭീകരനായി പ്രഖ്യാപിച്ച ഹഫിസ് സയിദിന്റെ മോചനം ആശങ്ക ഉളവാക്കുന്നതായി പാക് - അഫ്ഗാൻ കാര്യങ്ങളുടെ ചുമതലയുള്ള അമേരിക്കൻ പ്രതിനിധി റിച്ചാർഡ് ഗാൾ ബ്രൂക്ക് വാഷിംഗ്ടണിൽ പറഞ്ഞു.

'അമ്മിണി വീണാൽ മൂന്നു കാലിൽ': പൂച്ച വീണാൽ നാലു കാലിൽ എന്ന പഴമൊഴി കോഴിക്കോട് നല്ലളം പഞ്ചായത്ത് നിവാസികളുടെ ഓമനയായ അമ്മിണി എന്ന പെൺപൂച്ചയ്ക്ക് ബാധകമല്ല. കാരണം അമ്മിണി ജനിച്ചതു തന്നെ മൂന്നു കാലുമായിട്ടാണ്. ഫോട്ടോ: സാജൻ വി.നമ്പ്യാർ

അംഗീകാരമില്ലാത്ത സ്കൂളുകൾ : സർക്കാർ ഉത്തരവ് പിൻവലിക്കണം

തിരുവനന്തപുരം: അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിനെതിരെ സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിക്കണമെന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ സംരക്ഷണസമിതി നേതാക്കൾ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

അംഗീകാരമില്ലാത്ത സ്കൂളുകൾ ഒരു തത്വദീക്ഷയുമില്ലാതെ ഇല്ലാതാക്കാനും സ്ഥാപനം നടത്തുന്നവർക്കെതിരെ കേസെടുക്കാനുമുള്ള സർക്കാർ തീരുമാനം ഖേദകരമാണ്. അന്വേഷണമോ പഠനമോ ഇല്ലാതെ ധൃതിപിടിച്ചാണ് സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്. സർക്കാർ അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചു കാത്തിരിക്കുന്ന അൺ- എയ്ഡഡ് സ്കൂളുകളെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി സർക്കാർ നിഷ്കർഷിച്ച വ്യവസ്ഥകൾ പാലിച്ച സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകണം. അംഗീകാരമില്ലാത്ത സ്കൂളുകളുടെ മാനേജ്മെന്റിനെതിരെ കേസെടുക്കുമെന്ന ഉത്തരവിലെ ഭാഗം സർക്കാർ പിൻവലിക്കണമെന്നും സമിതി നേതാക്കൾ പറഞ്ഞു. സംരക്ഷണസമിതി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ്തങ്ങൾ, അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

Vol. No 26 Issue No.153 R.No. 44655/86 (R.No. KL/CT/4-2006-08) Printed and published by M.S. Ravi from Kaumudi Buildings, Thondayad, Kozhikode-673 016 on behalf of Kerala Kaumudi Pvt. Ltd. and Printed at Ravi Printers, Kerala Kaumudi Building, Thondayad, Kozhikode-673 016, Phone: 0495-2356623, 2355752. Fax: 2354129. e-mail: cltdesk@gmail.com Editor: M.S. Madhusoodanan, Managing Editor : Deepu Ravi (Responsible for selection of news under the PRB Act.) Editor-in-Chief: M.S.Mani.